# കേരളസർവകലാശാല

നം.പി.ആർ.159/2023 തിരുവനന്തപുരം, തീയതി: 07/08/2023

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. റീസ്ട്രക്ച്ചേർഡ് കോഴ്സ് (2008 സ്കീം) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് വിഭാഗം – ഡിജിറ്റൽ സർക്യൂട്ട്സ് ലാബ് പ്രാക്ടിക്കൽ പരീക്ഷ 2023 ആഗസ്റ്റ് 9 ന് രാവിലെ സി.ഇ.റ്റി. യിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി (മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 2023 ആഗസ്റ്റ് 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കേരള സർവകലാശാലയ്ക്ക് കീഴിൽ പുതിയ കോളേജിനും പുതിയ കോഴ്സിനും വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചു

2024-25 അധ്യയന വർഷത്തിൽ കേരളസർവകലാശാലക്ക് കീഴിൽ പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച് എന്നിവയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു കൊണ്ട് കേരളസർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരളസർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralauniversity.ac.in ലെ അഫിലിയേഷൻ പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിച്ച ശേഷം പ്രസ്തുത അപേക്ഷയുടെ പ്രിന്റൗട്ട് അനുബന്ധ രേഖകളുടെ പകർപ്പ് സഹിതം സർവകലാശാല ഓഫീസിൽ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ആഗസ്റ്റ് 31. ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി 2023 സെപ്റ്റംബർ 7.

വിജ്ഞാപനവും അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഫിലിയേഷൻ പോർട്ടലിൽ ലഭ്യമാണ്. അപേക്ഷക്കുള്ള ഫീസ് അഫിലിയേഷൻ പോർട്ടൽ മുഖാന്തിരം ഒടുക്കേണ്ടതാണ്. അപേക്ഷകളുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും രജിസ്ട്രാർ, കേരള സർവകലാശാല, സെനറ്റ് ഹൗസ് ക്യാമ്പസ്, പാളയം, തിരുവനന്തപുരം 695034 എന്ന മേൽവിലാസത്തിൽ 2023 സെപ്റ്റംബർ 7-നകം ലഭിക്കത്തക്ക രീതിയിൽ അയക്കേണ്ടതാണ്.

## <u>അപേക്ഷ തീയതി നീട്ടി</u>

കേരളസർവകലാശാല ജർമ്മൻ പഠന വകുപ്പ് നടത്തുന്ന ഹ്രസ്വകാല കോഴ്‌സായ ജർമ്മൻ എ1 (Deutsch A1), 2023 അഡ്മിഷൻ കോഴ്‌സിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2023 ആഗസ്റ്റ് 14 വരെ നീട്ടിയിരിക്കുന്നു.

## <u>ഹ്രസ്വകാല കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന്റെ പന്ത്രണ്ടാമത് ബാച്ചിലേക്കുള്ള അപേക്ഷ ക്ഷണിച്ചു</u>

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന്റെ പന്ത്രണ്ടാമത് ബാച്ചിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/ തത്തുല്യം, ഫീസ്: 6000 രൂപ, കാലാവധി 6 മാസം, അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. 2023 ആഗസ്റ്റ് 20 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അപേക്ഷ ഫോറം പൂരിപ്പിച്ച് വകുപ്പിൽ എത്തിക്കുക. വിവരങ്ങൾക്കായി 0471-2308846/9562722485 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**